(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് ആകെ എത്ര തുക ചെലവഴിച്ചുവെന്ന് ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) ഉണ്ട്. പ്രസ്തുത പദ്ധതികളിൽ 'Construction of Vented Cross Bars (VCB) cum tractor way across Pambanganamthodu at Kottamadal in Kinanoor, Karindhalam panchayat in Kasargode district' എന്ന പദ്ധതിക്ക് 64.87 ലക്ഷം രൂപയ്ക്ക് RIDF XXI-ൽ ഉൾപ്പെടുത്തി നബാർഡ് അംഗീകാരം ലഭിച്ചിട്ടുണ്ട്. 10-2-2016-ലെ സ.ഉ.(സാധാ.) നമ്പർ 104/16/കൃഷി പ്രകാരം പ്രസ്തുത പദ്ധതിക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്. സെക്കറൽ അലോക്കേഷൻ പരിമിതിമൂലം മറ്റ് പദ്ധതികൾക്ക് RIDF XXI-ൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

കാർഷിക വിളകളുടെ വിലത്തകർച്ച

202 (†1577) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ ഉൾപ്പെടെയുള്ള കാർഷിക വിളകളുടെ വിലത്തകർച്ചമൂലം കഷ്ടത അനുഭവിക്കുന്ന കൃഷിക്കാർക്ക് എന്തെല്ലാം സഹായങ്ങളാണ് ഇപ്പോൾ നൽകി വരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) റബ്ബർ ഉൾപ്പെടെ കാർഷിക മേഖലയ്ക്ക് പ്രത്യേക പാക്കേജുകൾ അടിയന്തരമായി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) റബ്ബർ കർഷകർക്ക് കേന്ദ്ര സർക്കാരിൽ നിന്നും പരമാവധി സഹായം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) റബ്ബർ വിലയിടിവ്മൂലം കഷ്ടതയനുഭവിക്കുന്ന കൃഷിക്കാർക്ക് സഹായകരമായിട്ടാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. 5 ഹെക്ടറിനുതാഴെ കൃഷിഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനുള്ള റബ്ബർ കൃഷിക്കാണ് ആനുകൂല്യം നൽകുന്നത്. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനുള്ള ആനുകൂല്യം നൽകുന്നതാണ്.

---

† മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

നാളികേരത്തിന് ന്യായമായ വില ഉറപ്പുവരുത്തുതിനായി കൃഷിഭവനുകൾ മുഖേന കേരഫെഡിന്റെ സഹകരണത്തോടെ പച്ചനാളികേര സംഭരണ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

നെല്ലിന് ന്യായവില ഉറപ്പുവരുത്തുന്നതിന് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന എല്ലാ ജില്ലകളിലെയും കർഷകരിൽനിന്നും നെല്ല് സംഭരിച്ചുവരുന്നു.

(ബി) റബ്ബർ ഉൾപ്പെടെ കാർഷിക മേഖലയ്ക്ക് പ്രത്യേക പാക്കേജുകളൊന്നും തന്നെ കൃഷി വകുപ്പിന്റെ പരിഗണനയിലില്ല.

(സി) വിലത്തകർച്ചയിൽനിന്ന് റബ്ബർ മേഖലയെ സംരക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിക്കുള്ള സഹായമായി കേന്ദ്ര വിലസ്ഥിരതാ ഫണ്ടിൽനിന്നും 500 കോടി രൂപ നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

മലപ്പുറം മണ്ഡലത്തിലെ വികസന പദ്ധതികൾ

203 (1578) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം മണ്ഡലത്തിൽ കൃഷി വകുപ്പ് വഴി നടപ്പാക്കിയ വികസനപദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ;

(ബി) ഇവ ഓരോന്നിനും എത്ര രൂക ചെലവഴിച്ചുവെന്നും ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

പൊന്നാനി മണ്ഡലത്തിലെ കൃഷിവകുപ്പിന്റെ പദ്ധതികൾ

204 (1579) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊന്നാനി മണ്ഡലത്തിൽ കൃഷിവകുപ്പിന്റെ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്; നിലവിലെ അവസ്ഥ എന്താണ്എന്നും;

LIBRARY ARCHIVES Kerala Legislative Assembly